പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

17/12/2014-ൽ
മറുപടിയ്ക്കു്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4419

## ദേവസ്വം ബോർഡുകളുടെ കൈവശ ഭൂമി

ചോദ്യം

ശ്രീ. എ.കെ. ശശീന്ദ്രൻ
ശ്രീ. തോമസ് ചാണ്ടി

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കൈവശമുള്ള ഭൂമി എത്രയെന്ന് വെളിപ്പെടുത്തുമോ;<br><br>ബി) ഇതിൽ അന്യാധീനപ്പെട്ട ഭൂമി എത്രയെന്ന് വ്യക്തമാക്കാമോ; | എ) & ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ ഭരണത്തിലുള്ള ദേവസ്വങ്ങളുടെ വകയായി ആകെ 2281 ഏക്കർ ഭൂമിയുണ്ട്. ഇതിൽ 494 ഏക്കർ അന്യാധീനപ്പെട്ടതായി കണക്കാക്കുന്നു. ഗുരുവായൂർ ദേവസ്വത്തിൻെറ കൈവശം ഉദ്ദേശം 268 ഏക്കറോളം ഭൂമിയുണ്ട്. വസ്തുക്കൾ ഒന്നുംതന്നെ അന്യാധീനപ്പെട്ടിട്ടില്ല. മലബാർ ദേവസ്വം ബോർഡിൻെറ കൈവശം നേരിട്ട് ഭൂമികളൊന്നുംതന്നെയില്ല. മലബാർ ദേവസ്വം ബോർഡിൻെറ അധികാരപരിധിയിലായി 1341 ൽപരം ക്ഷേത്രങ്ങൾ ഉള്ളതിൽ ഭരണപരമായ മേൽനോട്ടം മാത്രമാണ് മലബാർ ദേവസ്വം ബോർഡ് നിരവ്വഹിച്ചുവരുന്നത്. മലബാർ ദേവസ്വം ബോർഡിൽ 2007 വരെ സർവ്വേ നടത്തിയതിൽ ആകെ 3112.20½ ഏക്കർ കൈവശഭൂമിയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. 1123 ക്ഷേത്രങ്ങളിലായി 24693.24 ഏക്കർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ കൈവശമുള്ള ഭൂമി കൃത്യമായി എത്രയെന്ന് തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ. ഇതിനകം അന്യാധീനപ്പെട്ട ഭൂമികൾ കണ്ടെത്തി 8 ഏക്കറോളം തിരിച്ചുപിടിച്ചിട്ടുണ്ട്. കൂടൽ മാണിക്യം ദേവസ്വത്തിൽ 276.19 ഏക്കർ ഭൂമിയുണ്ട്. ഇതിൽ 18.32½ ഏക്കർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട്. |
| സി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | സി) തിരുവിതാംകൂർ, ഗുരുവായൂർ, കൊച്ചിൻ ദേവസ്വങ്ങളിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. കൂടൽമാണിക്യം ദേവസ്വത്തിൽ തൃശ്ശൂർ ജില്ലയിൽ 18.32½ ഏക്കർ. മലബാർ ദേവസ്വം ബോർഡിൻെറ അധികാരപരിധിയിലുള്ള ക്ഷേത്രങ്ങൾ ഡിവിഷൻ അടിസ്ഥാനത്തിലാണ് അതിർത്തി തിരിച്ച് നിശ്ചയിച്ചിട്ടുള്ളത്. ആയതിൻെറ കണക്ക് അനുബന്ധമായി ചേർക്കുന്നു. |

| | | |
|---|---|---|
| ഡി) അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനായി ദേവസ്വം ബോർഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | ഡി) | തിരുവിതാംകൂർ ദേവസ്വം ബോർഡ് വക ഭൂമിയിലെ കയ്യേറ്റം തടയുന്നതിനും കയ്യേറിയ ഭൂമി തിരിച്ചു പിടിക്കുന്നതിനും 15/10/2008 മുതൽ ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാർ മുഖാന്തിരം നടപടി നടത്തിവരുന്നു. കൂടാതെ കയ്യേറ്റ പ്രശ്നങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് 20/07/2006 മുതൽ ലാൻറ് സ്പെഷ്യൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വം ഭൂമി കയ്യേറ്റം തടയുന്നതിന് മാത്രമായി ഒരു കെ.എൽ.സി. യൂണിറ്റ് ആരംഭിക്കുന്ന കാര്യം സർക്കാരിൻെറ സജീവ പരിഗണനയിലാണ്. കൂടാതെ ക്ഷേത്ര സ്വത്ത് സംബന്ധിച്ച് വ്യവഹാരങ്ങൾ നടത്തുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതുകൂടാതെ തങ്ങളുടെ അധികാര പരിധിയിലുള്ള കയ്യേറ്റ ഭൂമി ഒഴിപ്പിക്കുന്നതിനും ഭൂമിയുടെ വിലയുടെ മൂന്നിരട്ടി തുക പിഴ ഈടാക്കുന്നതിനും എല്ലാ സബ് കളക്ടർമാർ, തഹസിൽദാർമാർ, ഡെപ്യൂട്ടി കളക്ടർമാർ എന്നിവർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ കൈവശമുള്ള ഭൂമി കൃത്യമായി എത്രയെന്ന് തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ. ഇതിനകം അന്യാധീന പ്പെട്ട ഭൂമികൾ കണ്ടെത്തി 8 ഏക്കറോളം തിരിച്ചുപിടിച്ചിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിൽ കോടതി, നഗരസഭ എന്നിവ മുഖേന ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## മലബാർ ദേവസ്വം ബോർഡ്

| ഡിവിഷൻ | ആകെ ക്ഷേത്ര ങ്ങൾ | ഭൂമി സർവ്വേ നടത്തിയ ക്ഷേത്ര ങ്ങൾ | നിലവിൽ ദേവസ്വങ്ങ ളുടെ കൈവശ മുള്ള ഭൂമി (ഏക്കറിൽ) | കയ്യേറ്റ ഭൂമി (ഏക്ക റിൽ) | പുതുതായി കണ്ടെ ത്തിയ ഭൂമി (ഏക്ക റിൽ) | കയ്യേറ്റ ഭൂമി യിൽ ദേവസ്വ ത്തിന് വീണ്ടെടുക്കാൻ സാധിച്ച ഭൂമി (ഏക്കറിൽ) |
|---|---|---|---|---|---|---|
| കാസർഗോഡ് | 204 | 174 | 1016.77¾ | 68.46½ | 1199.21½ | 1.62 |
| തലശ്ശേരി | 230 | 135 | 310.43¼ | 2122.69¾ | 176.64¾ | 0 |
| കോഴിക്കോട് | 219 | 210 | 624.08 | 22393.12½ | 0 | 1.22 |
| മലപ്പുറം | 341 | 320 | 736.47½ | 95.60¼ | 1.21½ | 0.47 |
| പാലക്കാട് | 347 | 284 | 424.44 | 13.35 | 0 | 0 |
| ആകെ | 1341 | 1123 | 3112.20½ | 24693.24 | 1377.07¾ | 3.31 |

സെക്ഷൻ ഓഫീസർ